ഇവർക്ക് പ്രത്യേകമായ ക്ഷേമനിധിക്കുള്ള സാധ്യതകൾ തീർച്ചയായും പരിശോധിക്കാം. ഒന്നര ലക്ഷത്തോളംവരുന്ന ഇവർക്ക് ക്ഷേമനിധിയും മറ്റ് എന്തൊക്കെയും ചെയ്യാൻ കഴിയും എന്നത് സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. അതിന് ആവശ്യമായ പഠനം നടത്താൻ ഏജൻസിയെ നിയോഗിക്കുന്നതാണ്.

(3) കഞ്ചിക്കോട് വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. കെ. എ. ചന്ദ്രൻ : സർ, പാലക്കാട് കഞ്ചിക്കോട്ടെ വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കേണ്ട അടിയന്തിര ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർക്ക് അറിയാം. വ്യവസായ വകുപ്പുമന്ത്രിക്ക് അറിയാം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലെ രണ്ടാമത്തെ വ്യവസായ മേഖലയായി വളർന്നുവന്ന പ്രദേശമാണ് കഞ്ചിക്കോട്. അവിടെ ഇന്നത്തെ സ്ഥിതി വളരെ പരിതാപകരമാണ്. ബി.പി.എൽ. ഏരിയയിൽ 9, ഇൻഡസ്ട്രിയൽ ഏരിയയിൽ 18, ന്യൂ ഇൻഡസ്ട്രിയൽ ഏരിയയിൽ 26, വാളയാർ ഏരിയയിൽ 10 അങ്ങനെ 63 വ്യവസായ സ്ഥാപനങ്ങൾ ഏറെക്കുറെ പൂട്ടിക്കഴിഞ്ഞു. 3123 തൊഴിലാളികൾക്ക് പണിയില്ലാതായി. ഈ വ്യവസായ തകർച്ചയെ മുതലെടുത്തുകൊണ്ട് കരാർ വ്യവസ്ഥയുടെ പേരിൽ തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് വ്യാപകമായി വരുകയാണ്. ഈ സ്ഥിതി പ്രത്യേകം പരിഗണിച്ച് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട തൊഴിൽ കാര്യ മന്ത്രിയും ജനപ്രതിനിധികളും ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ആലോചിച്ച് പരിഹാരമുണ്ടാക്കേണ്ടതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും കുഴൽമന്ദം എം.എൽ.എ.യും ഒക്കെ സൂചിപ്പിച്ച കാര്യമാണിത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, കഞ്ചിക്കോട് വ്യവസായ മേഖലയിൽ വന്നിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യാൻ അവിടെ ഒരു യോഗം വിളിക്കണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട കെ.എ. ചന്ദ്രനും ശ്രീ. എ.കെ. ബാലനും ഒക്കെ ആവശ്യപ്പെട്ടിട്ടുണ്ട്. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചു. അവിടെ മീറ്റിംഗ് വിളിക്കാം. അതിൽ ഈ പ്രശ്നങ്ങളൊക്കെ ചർച്ച ചെയ്യാം.

(4) പുനലൂർ പേപ്പർ മിൽ തുറന്നു പ്രവർത്തിപ്പിക്കണമെന്ന ആവശ്യം

ശ്രീ. പി. എസ്. സുപാൽ : സർ, പുനലൂർ പേപ്പർ മിൽ കഴിഞ്ഞ 16 വർഷമായി അടഞ്ഞുകിടക്കുകയാണ്. മിൽ തുറക്കുന്നതു സംബന്ധിച്ച് ചില തീരുമാനങ്ങൾ എടുത്തിരുന്നു. ധനകാര്യ സ്ഥാപനങ്ങളുമായി മാനേജ്മെന്റ് ചർച്ച നടത്തി. കോടതി നിയമിച്ച റിസീവറെ മാറ്റുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കണമെന്നും മിൽ തുറക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുവാൻ ഒരു ടെക്നിക്കൽ കൺസൾട്ടന്റിനെ നിയമിക്കുമെന്നും എല്ലാപേരുമായി ചർച്ച ചെയ്ത് ഒരു ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുമെന്നും ഏതാണ്ട് 2003 ജനുവരിയോടുകൂടി മിൽ തുറന്നു പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്ന തരത്തിലാണ് ധാരണയുണ്ടായത്. അതു സംബന്ധിച്ച് എന്തൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്? ഇതുവരെ മിൽ തുറക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഉണ്ടായിട്ടില്ല. ഏതാണ്ട് ആയിരത്തോളം തൊഴിലാളികൾ പ്രത്യക്ഷമായും മറ്റ് നിരവധി ആളുകൾ പരോക്ഷമായും ജോലിയെടുത്തു കൊണ്ടിരുന്ന ഒരു സ്ഥാപനമായിരുന്നു. ഇത് ഇപ്പോൾ തുറക്കും നാളെ തുറക്കും എന്നുള്ള സംസാരം എപ്പോഴും ഉണ്ടാകുന്നുണ്ട്. ഇത് സംബന്ധിച്ച് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; മിൽ തുറക്കാൻ ആവശ്യമായ നടപടികൾ സത്വരമായി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, കാര്യം വളരെ വ്യക്തമാണ്. 2002-ൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ മിൽ തുറക്കുന്നതിനുവേണ്ടി മാനേജുമെന്റുമായിട്ട് ധാരണാപത്രം ഒപ്പുവച്ചു. അതാണ് ഇപ്പോൾ തുറക്കും എന്നുള്ള ഇംപ്രഷൻ ഉണ്ടാക്കിയത്. ധാരണാ പത്രത്തിൽ പറയുന്ന പ്രകാരം ആ മാനേജുമെന്റ് പണം അടച്ചു തീർത്തില്ല. അതാണ് പ്രശ്നം. മാനേജുമെന്റ് കാനറാ ബാങ്കിനു മാത്രം പണം അടച്ചു. ബാക്കി സ്ഥാപനങ്ങൾക്ക് അടച്ചില്ല. അടച്ചാൽ മിൽ പ്രവർത്തിപ്പിക്കാവുന്നതേയുള്ളൂ. മാനേജുമെന്റിനെ ഫോഴ്സ് ചെയ്യുകയാണ് വേണ്ടത്. നമ്മൾ ശ്രമിക്കുന്നുണ്ട്.

(5) കുളവാഴ ഉപയോഗിച്ചുള്ള വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതു സംബന്ധിച്ച്

ശ്രീ. കെ. സി. വേണുഗോപാൽ: സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് ഏറ്റവും ഗുരുതരമായ ഒരു പ്രശ്നമാണ്, നമ്മുടെ ജലാശയങ്ങളിൽ വളർന്നുകൊണ്ടിരിക്കുന്ന കുളവാഴകൾ. കേരളത്തിലെ വളരെ സൗന്ദര്യമുള്ള പല പ്രദേശങ്ങളും പല ജലാശയങ്ങളും ഇപ്പോൾ പോളകൾ നിറഞ്ഞ് പാമ്പും മറ്റു ജന്തുക്കളും നിറഞ്ഞ് ആകെ മലിനമായി കിടക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ ആലപ്പുഴയിൽ മുഴുവൻ ജലാശയങ്ങളാണ്. അവയിൽ മുഴുവൻ പോളകൾ നിറഞ്ഞ് കൊതുകുകൾ പെരുകി ഡെങ്കിപ്പനി അടക്കമുള്ള പനികൾ വ്യാപകമാകാൻ കാരണമായിത്തീർന്നിരിക്കുകയാണ്. കുളവാഴകൾ കൊണ്ട് നല്ല ഫർണിച്ചർ ഉണ്ടാക്കുന്ന ഒരു വിദ്യ അടുത്ത കാലത്തായി തായ്ലൻഡിൽ കണ്ടുപിടിച്ചു. സൂര്യാ ടി.വി-യിൽ അതു കാണിച്ചിരുന്നു. തായ്ലൻഡിൽ പോയി വന്നവരും പറഞ്ഞിരുന്നു. ഇതു വളരെ ശാസ്ത്രീയമായി പ്രയോഗിച്ചാൽ കേരളത്തിൽ കുളവാഴയുടെ പ്രശ്നം പരിഹരിക്കാൻ കഴിയും. തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയും. ഈ ദോഷകരമായ അവസ്ഥ ഗുണകരമാക്കി മാറ്റാൻ വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിൽ മുൻകൈ എടുക്കണം. തായ്ലൻഡിൽ പോയി പ്രശ്നം പഠിച്ച് ഉത്തരവാദപ്പെട്ടവരെ ചുമതലപ്പെടുത്തി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, തായ്ലൻഡിൽ കുളവാഴ ഉപയോഗിച്ച് ഫർണിച്ചർ നിർമ്മിക്കുന്ന കമ്പനികൾ ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇൻഡ്യയിൽ നാഗ്പൂരിൽ നാഷണൽ എൻവയോൺമെന്റൽ എൻജിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇതുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly